**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** **03-02-2026 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി അതിരൂപതയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 08/11/2021-ന് മുൻപുണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊവിഷണലായി ശമ്പള സ്കെയിലിലും 08/11/2021-ന് ശേഷം വരുന്ന സ്ഥിരം ഒഴിവുകളിലെ നിയമനങ്ങൾ ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി ദിവസ വേതനത്തിലും,, കേരളവിദ്യാഭ്യാസ ചട്ടങ്ങളുടെയും നിലവിലുള്ള -സർക്കാർ ഉത്തരവുകളുടെയും അടി സ്ഥാനത്തിൽ, അംഗീകരിച്ച വരുന്നു. |
| (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റിന് സുപ്രീം കോടതി നൽകിയ വിധിക്ക് അനുസൃതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | NSS മാനേജ്മെൻറ് ഫയൽ ചെയ്ത കേസിലാണ് ബഹു. സുപ്രീം കോടതിയുടെ 04.03.2025 ലെ ഉത്തരവ്. ആയത് NSS മാനേജ്മെന്റിന് മാത്രമാണ് ബാധകമായത്. ടി നടപടിക്രമം മറ്റു മാനേജ്മന്റുകൾക്ക് കൂടി ബാധകമാക്കാവുന്നതാണോ എന്നതിൽ വ്യക്തതയ്ക്കായി സർക്കാർ ബഹു. സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ ആവശ്യങ്ങൾ അടിയന്തരമായി നടപ്പാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ബഹു. സുപ്രീം കോടതിയിൽ നിന്നും അനുകൂലമായി ഉത്തരവ് വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ